ന്നതിന് വേണ്ടിയിട്ടുള്ള ചില സംരംഭങ്ങൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്ന കാര്യങ്ങളെപ്പറ്റിയെല്ലാം ഗവൺമെന്റ് പരിശോധിച്ചതിനുശേഷം അതിന് കൂടുതൽ പ്രയോറിറ്റി കൊടുക്കാനുള്ള ഒരു തീരുമാനം സെക്രട്ടറീസ് ലെവലിൽ ഇപ്പോഴെടുത്തിട്ടുണ്ട്.

ശ്രീ. വി. കേശവൻ : ബ്ലോക്കുകളിൽ നടക്കുന്ന അഴിമതികളെയും ക്രമക്കേടുകളെയും സംബന്ധിച്ച് സ്പെസിഫിക്കായി ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. എന്റെ മണ്ഡലമായ പന്തളം തെക്കേക്കര പഞ്ചായത്തിൽ പാറക്കര എന്ന സ്ഥലത്തു നിന്നാരംഭിക്കുന്ന പേരുവഴി-ചന്ദനപ്പള്ളി റോഡ് മൂന്നുവർഷത്തിനുമുമ്പ് ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഏറ്റെടുത്ത് വർക്ക് ആരംഭിച്ചതാണ്. പക്ഷേ അതിന്റെ നോമിനി കുറച്ച് മെറ്റൽ കൊണ്ടു വന്നിറക്കിയിട്ട് അന്ന് പോയതാണ്. അയാളം സ്ഥലത്തുണ്ട്. ഞാൻ പല പ്രാവശ്യം ഇക്കാര്യം ഡി. സി. സി. യിലും ബ്ലോക്കിലും കളക്ടറുടെ അടുത്തും പറഞ്ഞതാണ്, അത് നടക്കുന്നില്ല. ടാറിംഗ് ഉൾപ്പെടെയുള്ള വർക്കുകളുണ്ട്. ആ വർക്ക് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? അതുപോലെതന്നെ ചില എഞ്ചിനീയർമാരുമായി ബന്ധപ്പെട്ട് ഇറക്കിയ മെറ്റീരിയൽസിന്റെ പാർട്ട് ബില്ലും മാറിക്കൊണ്ടാണ് അയാൾ പോയിരിക്കുന്നത്. അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായി നടപടി സ്വീകരിക്കുമോ ? ആ റോഡിന്റെ പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം അദ്ദേഹം എഴുതിത്തന്നാൽ തീർച്ചയായിട്ടും എത്രയും പെട്ടെന്ന് അതിനുവേണ്ട നടപടികളം സ്വീകരിക്കുന്നതാണ്.

റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി

*352. [378] ശ്രീ. വി. സി. കബീർ :
,, എ. വി. താമരാക്ഷൻ :
,, പി. വിജയദാസ് :
,, കെ. ശങ്കരനാരായണപിള്ള
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചാനലൈസ് ചെയ്തത് എന്നു മുതൽ ആണ് ;

(ബി) ഇപ്രകാരം ഒരു തീരുമാനം എടുക്കാൻ കാരണമെന്താണ് ;

(സി) ഏതു സർക്കാരിന്റെ കാലത്താണ് ചാനലൈസേഷൻ നടപ്പിലാക്കിയത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 20-10-1986 വരെ ഓരോ വർഷവും എത്ര പ്രിന്റർ റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്തിട്ടുണ്ട് ;

(ഇ) സർക്കാർ നേരിട്ടാണോ ട്രാൻസ്പോർട്ട് ചെയ്തിരുന്നത് ;

(എഫ്) ഇറക്കുമതി ചെയ്ത സ്പിരിറ്റ് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള കോൺട്രാക്റ്റ് ഏതു ഏജൻസിക്കാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഓരോ വർഷവും നൽകിയിട്ടുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിന്റെ റേറ്റ് വ്യക്തമാക്കുമോ ;

(എച്ച്) 1981 ആരംഭത്തിൽ അതിനുള്ള റേറ്റ് എത്രയായിരുന്നു ;

(ഐ) ട്രാൻസ്പോർട്ടിംഗ് കോൺട്രാക്റ്റ് നൽകിയത് ടെൻഡർ മുഖേനയാണോ ; എങ്കിൽ എന്നു മുതലാണ് ടെൻഡർ വിളിച്ച് കോൺട്രാക്റ്റ് കൊടുത്തു തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ ;

(ജെ) ടെൻഡർ ഇല്ലാതെ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്റ്റ് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റേറ്റ് എത്ര ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : (എ, ബി, സി.) റെക്റിഫൈഡ് സ്പിരിറ്റിന്റെ ഇറക്കുമതി ചാനയ്ക്കലസ് എന്നതുകൊണ്ടേ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. റെക്റിഫൈഡ് സ്പിരിറ്റ് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ കഴിഞ്ഞ പത്തുവർഷമായി മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. സെൻട്രൽ മൊളാസിസ് ബോർഡിൽനിന്നും സംസ്ഥാനത്തിന് കിട്ടുന്ന റെക്റിഫൈഡ് സ്പിരിറ്റിന്റെ അലോട്ട്മെന്റ് സംസ്ഥാനത്തെ മൂന്നു പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് തിരുവല്ല, മന്നം ഷുഗർമിൽസ് പന്തളം, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ എന്നിവയ്ക്ക് നൽകുന്നു. ഇത് ട്രാൻസ്പോർട്ട് ചെയ്യുന്നത് മേൽപ്പറഞ്ഞ കമ്പനികളുടെ ചുമതലയിലാണ്. ഈ കമ്പനികൾ വ്യവസായവകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ഡി)	1982-83	84 ലക്ഷം ലിറ്റർ
	1983-84	63 ലക്ഷം ലിറ്റർ.
	1984-85	32.58 ലക്ഷം ലിറ്റർ
	1985-86 (ജൂലൈവരെ)	43.98 ലക്ഷം ലിറ്റർ

(ഇ) ട്രാൻസ്പോർട്ട് ചെയ്തിരുന്നത് സർക്കാർ നേരിട്ടല്ല. വ്യവസായവകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേൽപ്പറഞ്ഞ കമ്പനികൾ ഏർപ്പെടുത്തുന്ന ഏജൻസികളാണ് ട്രാൻസ്പോർട്ട് ചെയ്തിരുന്നത്.

(എഫ്) മന്നം ഷുഗർമിൽസ്

(1) ജെ. ബി. റോഡ് ലൈൻസ്—ബോംബേ
(2) ദിലീപ് റോയ് ആൻറ് സൺസ്—കൽക്കട്ട
(3) പി. കെ. എം. ആൻറ് സൺസ് ഷേണായ് നഗർ—മദ്രാസ്
(4) ഒമേഗ എൻറർപ്രൈസസ്—ബോംബേ
(5) രവി ട്രാൻസ്പോർട്ട്—ആന്ധ്രാപ്രദേശ്
(6) ജനറൽ ട്രാൻസ്പോർട്ടിംഗ് കമ്പനി—കൊച്ചിൻ
(7) ബോംബേ ട്രേഡിംഗ് കമ്പനി—ബോംബേ
(8) രാജ്പാൽ റോഡ് ലൈൻസ്—ബോംബേ

LIBRARY ARCHIVES Kerala Legislative Assembly

ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ്

(1) മെസ്സേഴ്സ് ഫെയർ ഡീൽ കോപ്പറേഷൻ—ബോംബേ
(2) എമറാൾഡ് എൻറർപ്രൈസസ്—ബോംബേ
(3) ബോംബേ ട്രേഡിംഗ് കമ്പനി—ബോംബേ

ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്

(1) മെസ്സേഴ്സ് സെവൻഹിൽ ഏജൻസീസ്—പൊള്ളാച്ചി
(2) മെസ്സേഴ്സ് സിദ്ധാർത്ഥാ എൻറർപ്രൈസസ്—കോയമ്പത്തൂർ

(ജി) (എച്ച്) 1981-ലെ റേറിന്റെ വിവരം ശേഖരിച്ചുവരുന്നു.

മന്നം ഷുഗേഴ്സ്

1982-83 (1) 45 പൈസ പെർ ലിറ്റർ പെർ കിലോമീറ്റർ
(രവി ട്രാൻസ്പോർട്ടിംഗ് കമ്പനി—ആന്ധ്ര)
(2) 45 പൈസ പെർ ലിറ്റർ പെർ കിലോമീറ്റർ
(ജനറൽ ട്രാൻസ്പോർട്ടിംഗ് കമ്പനി—കൊച്ചിൻ)
(3) 47 പൈസ പെർ ലിറ്റർ പെർ കിലോ മീറ്റർ

(ജനറൽ റോഡ്സ് ലൈൻസ്)

1983-84 ബീഹാറിൽ നിന്നും 53 പൈസ
1983-84 യു. പി. 54 പൈസ
1984-85 യു. പി 55 പൈസ
1985-86 യു. പി 70 പൈസ

1985-86-ൽ കമ്മട്ടേഷൻ എടുത്ത ആറ് റേറ് നഷ്ടമാണെന്നു പറഞ്ഞ് ട്രാൻസ്പോർട്ടിംഗ് നിറുത്തിവച്ചു. അതിനുശേഷം നെഗോഷിയേറ് ചെയ്ത് ഹാൻറിലിംഗ് ചാർജ് ഉൾപ്പെടെ 5.75 രൂപ നിരക്കിൽ ഇറക്കുമതിചെയ്തു. ട്രാവൻകൂർ ഷുഗേഴ്സിന്റെ 1985-86-ലെ റേറ് 5.90 രൂപയാണ്.

ട്രാവൻകൂർ ഷുഗേഴ്സ്

1981-82—ജെ. ബി. റോഡ് ലൈൻസ്—48 പൈസ
1982-83—സൂപ്പർ ടാങ്കേഴ്സ് ബാംഗ്ലൂർ—48 പൈസ
1983-84—ജെ. ബി. റോഡ് ലൈൻസ്—41.05 പൈസ
1984-85—പുഷ്പ ട്രാൻസ്പോർട്ട് ബാംഗ്ലൂർ—41 പൈസ
മോഹൻ ട്രാൻസ്പോർട്ട് ബാംഗ്ലൂർ—50 പൈസ
1985-86—ന്യൂ ജെ. ബി. റോഡ് ലൈൻസ്—58 പൈസ
1986-87—അമർജിത് റോഡ്വേസ്, ബോംബേ—39 പൈസ
ബോംബേ ട്രേഡിംഗ് കോർപ്പറേഷൻ—3.75 രൂപ
വെസ്റ്റേൺ കോസ്റ്റൽ എൻറർപ്രൈസസ് ബോംബേ—3.36 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പിറവൂർ ഷുഗേഴ്സ്

സിദ്ധാർക്ക് എൻറർപ്രൈസസ് 5.75 രൂപ
ടെണ്ടർ ഇല്ലാതെ

(ഐ, ജെ) 12-8-1986-ന് മുമ്പ് ടെണ്ടർ വിളിക്കാതെ മൂന്നു പൊതുമേഖലാ ഷുഗർ ഫാക്ടറികളും നെഗോഷ്യയേറ്റ് ചെയ്ത് സ്പിരിറ്റ് ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ 12-8-1986-ൽ എക്സൈസ് മന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ടെണ്ടർ വിളിച്ചുകൊടുക്കണമെന്നു നിർദ്ദേശിച്ചിരുന്നു. അതിനുശേഷം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് പിറവൂർ അഞ്ചു ലക്ഷം ലിറ്റർ സ്പിരിറ്റ് ടെണ്ടർ വിളിക്കാതെ ഇറക്കുമതി ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. തൽസംബന്ധമായി അന്വേഷണം നടത്താൻ വ്യവസായ വകുപ്പു കമ്മിഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 12-8-1986-ലെ കോൺഫറൻസിലെ തീരുമാനമനുസരിച്ച് മന്നം ഷുഗേഴ്സും ട്രാവൻകൂർ ഷുഗേഴ്സും ടെണ്ടർ വിളിച്ച് ഏജൻസിക്ക് നൽകി.

ശ്രീ.വി. സി. കബീർ : ഇവിടെ (എഫ്) ചോദ്യത്തിന് മറുപടി പറഞ്ഞു. ഇറക്കുമതി ചെയ്ത റെക്റ്റിഫൈഡ് സ്പിരിറ്റ് ട്രാൻസ്പോർട്ടിംഗ് ഏജൻസിയെ ഏല്പിച്ചിരുന്നു. എത്ര പാർട്ടണർമാരുമായിട്ടാണ് ആ ട്രാൻസ്പോർട്ടിംഗ് ഏജൻസി എഗ്രിമെൻറ് വച്ചത്.. ആ പാർട്ടണർമാരുടെ പേര് വ്യക്തമാക്കാമോ ?

ശ്രീ.കെ.ശിവദാസൻ : മൂന്നു സഹകരണ സംഘങ്ങളാണ്. സഹകരണ സംഘങ്ങളുടെ ഇത്തരം വിവരങ്ങൾ സ്പെസിഫിക്കായി ചോദിക്കാതെ എനിക്ക് ഉത്തരം പറയാൻ കഴിയുകയില്ല. ഏതായാലും ഇത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിന്റെ അഡ്മിനിസ്ട്രേഷൻ കൺട്രോളിൽ പ്രവർത്തിക്കുന്ന വേറെ സ്ഥാപനങ്ങളാണ്. പ്രത്യേക ചോദ്യം ചോദിച്ചാൽ അവിടെ നിന്നു വരുത്തിത്തരാമെന്നല്ലാതെ എക്സൈസ് ഡിപ്പാർട്ടുമെൻറിന് ഇത്തരം വിവരങ്ങൾ ലഭ്യമല്ല. ഇവിടെ ചോദ്യമെന്നുപറഞ്ഞാൽ ചാരായത്തിന്റെ ഇറക്കുമതിയെ സംബന്ധിച്ചാണ്. ഞാൻ അതിന്റെ ലഭ്യമായ എല്ലാ വിവരങ്ങളും പറഞ്ഞുകഴിഞ്ഞു. ആ പാർട്ടണർമാരുടെ പേരുകൾ ഇതിനകത്ത് പറഞ്ഞിട്ടില്ല, എനിക്ക് കിട്ടിയിട്ടുമില്ല.

ശ്രീ. വി. സി. കബീർ : നേരത്തേ റെക്റ്റിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്തിരുന്നപ്പോൾ 45 പൈസയും 60 പൈസയും 70 പൈസയും 75 പൈസയുമൊക്കെ നിരക്കുകളുണ്ടായിരുന്നു. ഇപ്പോൾ ഈ ഗവൺമെൻറ് നെഗോഷ്യയേറ്റ് ചെയ്ത് കൊടുത്തിരിക്കുന്നത് അഞ്ചുരൂപ എഴുപത്തഞ്ചു പൈസവച്ചാണ്. ഇതുവഴി നമ്മുടെ സംസ്ഥാനത്തിന് Co-operative ഷുഗേഴ്സിനും അതുപോലെയുള്ള ഫാക്ടറികൾക്കും എത്ര കോടി രൂപ നഷ്ടം (അധികച്ചെലവ്) വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ.കെ.ശിവദാസൻ : 1985-86-വരെ ഈ റേറിൽ അടിച്ചുകൊണ്ടിരുന്നപ്പോൾ ആറുമാസത്തേയ്ക്ക് മൊളാസസ് ബോർഡിൽ നിന്നും നമുക്ക് ഒരു കാട്ടാ അനുവദിച്ചിരിക്കുന്നുവെന്നുമാത്രമാണ്. ഇവിടെ നിന്ന് പെർമിറ് ചെയ്യും. അവർ തന്നോളണമെന്ന് നിർബന്ധമില്ല. പലപ്പോഴും തരില്ല. അങ്ങനെ ഒരു സ്ഥിതിവന്നതിനെത്തുടർന്നാണ് ഈ ഹാൻറിലിംഗ് സമ്പ്രദായം വന്നതെന്നാണ് ഡിപ്പാർട്ടുമെൻറിന് വിവരം ലഭിച്ചത്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ആറുമാസത്തേയ്ക്ക് ഒരു സബ്സ്റ്റൻഷ്യൽ പീരിയഡിലേയ്ക്ക് ഇത് കിട്ടാതെവന്നപ്പോൾ അവിടെ നിന്ന് ഹാൻറിലിംഗ് ചാർജ് എന്നുപറഞ്ഞ് വേറൊരു എക്സ്പെൻസ്കൂടി ചെലവായതിനുശേഷമേ കിട്ടുകയുള്ളുവെന്നു പറഞ്ഞ പരിതഃസ്ഥിതി വന്നു. 'ചാരായത്തിന് അക്യൂട്ട് ഷോർട്ടേജ് വന്നപ്പോൾ അതിനുണ്ടാക്കിയ ഒരു സംവിധാനമാണ് ഹാൻറിലിംഗ് ചാർജ്. അധികച്ചെലവിന്റെ കണക്ക് കൂട്ടിനോക്കിയിട്ട് വിവരം പിന്നീട് പറഞ്ഞുതരാം .....(ബഹളം)

ശ്രീ. വി.സി.കബീർ : എന്റെ ചോദ്യം അതല്ല. എന്റെ ചോദ്യത്തിന് മറുപടി കിട്ടിയിട്ടില്ല. എത്രകോടിരൂപ നമ്മുടെ ഷുഗർ ഫാക്ടറികൾക്ക് അധികച്ചെലവ് വന്നു, നഷ്ടം വന്നുവെന്നാണ് ചോദിച്ചത്.

ശ്രീ. കെ. ശിവദാസൻ : ഷുഗർ ഫാക്ടറികളിൽ അധികച്ചെലവ് വന്നുവെന്ന് പറയാനും പറയുകയില്ല. നഷ്ടം വന്നുവെന്നു പറയാനും പറയുകയില്ല. ഇവിടെ ചാരായം കാര്യമായി ഉല്പാദിപ്പിക്കുന്നില്ല. അപ്പോൾ സ്പിരിറ്റ് കൊണ്ടുവരുന്നതിനാവശ്യമായ രീതിയിലുള്ള ഒരു സിസ്റ്റമാണിവിടെ നിലവിലിരുന്നത്. അവിടെ ഹാൻറിലിംഗ് ചാർജ് കൊടുത്താലേ കൊണ്ടുവരാൻ ഒക്കുകയുള്ളുവെന്ന ഒരു സാദ്ധ്യത വന്നതുകൊണ്ട് ആ സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ ഇത്രയുംകൂടി കൊടുത്തുകൊണ്ടേ വരാൻ പറ്റുകയുള്ളുവെന്നു വന്നു. അങ്ങനെ കൊടുത്തുകൊണ്ടുവന്നാൽ അത് അധികച്ചെലവാകുന്നതെങ്ങനെയാണ്? ഇപ്പോൾ ഗവൺമെന്റ്. അത് നെഗോഷ്യയേറ്റ് ചെയ്തതല്ല. പത്രത്തിൽ പരസ്യം ചെയ്തത്, ടെണ്ടർ വിളിച്ചു കൊടുക്കണമെന്നുള്ള നിർദ്ദേശമാണിപ്പോൾ നിലവിലിരിക്കുന്നത്. ഇപ്പോൾ ഓപ്പണായിട്ട് പത്രത്തിൽ പരസ്യം ചെയ്തത് ടെണ്ടർ വിളിച്ചാണ് കൊടുക്കുന്നത്. അല്ലാത്ത ഒരു കേസ് വന്നിട്ടുണ്ട്. അതിനെപ്പറ്റി ഞാൻ നേരത്തേ പറഞ്ഞു. അത് ഇൻഡസ്ട്രീസ് കമ്മീഷണർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.വി. താമരാക്ഷൻ : 1983-84-ൽ സ്പിരിറ്റ് ട്രാൻസ്പോർട്ട് ചെയ്തിരിക്കുന്നത് - 53 പൈസയ്ക്കും 1984-85-ൽ 55 പൈസയ്ക്കും 1985-86-ൽ 45.96 ലക്ഷം ലിറ്റർ സ്പിരിറ്റ് അഞ്ചുരൂപ എഴുപത്തഞ്ചു പൈസ വച്ച് ടെണ്ടറില്ലാതെയുമാണ് ട്രാൻസ്പോർട്ട് ചെയ്തത്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. ആ നിലയിൽ 1984-85 റേറ്റിനെക്കാൾ രണ്ടുകോടി ഇരുപത്തഞ്ചു ലക്ഷം രൂപ സംസ്ഥാനത്തിനു നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ - എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : ആ കണക്കുകൾ ശരിയല്ല. 1985-86-ൽ 30ലക്ഷം ലിറ്റർ സ്പിരിറ്റാണ് യു.പി.യിൽ നിന്ന് വന്നിട്ടുള്ളത്. യു.പി.യിൽ നിന്നുവന്നതിന് യാതൊരു ഹാൻറിലിംഗ് ചാർജും ഇല്ല. ഇതിന്. നെഗോഷ്യേറ്റ് ചെയ്തിട്ടുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് മാത്രമേയുള്ളു. 1985-86-ൽ യു.പി. യിൽ നിന്നും വന്നതിന് 70 പൈസയെന്നാണ് ഇതിൽ കാണുന്നത്. അപ്പോൾ മഹാരാഷ്ട്രയിൽ നിന്നും അലോട്ട് ചെയ്തത് 20 ലക്ഷം ലിറ്റർ സ്പിരിറ്റാണ്. അവിടെ ഹാൻറിലിംഗ് ചാർജ് അത്യാവശ്യഘടകമാണ് എങ്കിൽ മാത്രമേ കിട്ടുകയുള്ളുവെന്നു വന്നു. അങ്ങനെ വന്നപ്പോൾ പത്രത്തിൽക്കൂടി പരസ്യം ചെയ്തത് ഓപ്പൺ കോൺട്രാക്ട് വാങ്ങി അതിൽ നിന്നു മാത്രമേ കൊടുക്കാൻ പാടുള്ളുവെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരുന്നു. അങ്ങനെയാണ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

താൻ ഇതിനെപ്പറ്റി നിയമസഭയിൽ പറഞ്ഞതാണ്. ഒരു സ്ഥാപനം ഓപ്പൺ പട്ടേഷനിൽ മേടിക്കാതെ ഇത് ചെയ്യുന്നതിനിടയായി. അതിനിടയായ ധാഹചര്യമെന്താണെന്നുള്ളതിനെപ്പറ്റി ഇൻഡസ്ട്രീസ് കമ്മീഷണർ ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : ടെണ്ടർ കൊടുക്കാതെ സ്പിരിറ്റ് ട്രാൻസ്പോർട്ട് ചെയ്തതിൽ സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും ഷ്ടം ഉണ്ടായിട്ടുള്ളതായി എക്സൈസ് ഡിപ്പാർട്ടുമെന്റ് വ്യവസായ കുപ്പിനെ അറിയിച്ചിട്ടുണ്ടോ ? ഗവൺമെന്റ് ടെണ്ടർ വിളിക്കണമെന്ന് റയുകയും 12-8-1986-ൽ ടെണ്ടർ വിളിച്ചേ ട്രാൻസ്ഫർ ചെയ്യാവൂ എന്നു റഞ്ഞതിനുശേഷവും—3.34 പൈസയ്ക്ക് ടെണ്ടർ കൊടുത്തപ്പോൾ—5.8 പൈസയ്ക്ക് വീണ്ടും അതേ റേറ്റിന് ഏതെങ്കിലും കമ്പനികൾക്ക് കൊടുതിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ കമ്പനി ഏതാണ്, അതിന്റെ പാർട്ട്നർമാർ രെല്ലാമാണ് ?

ശ്രീ. കെ. ശിവദാസൻ : 12-8-1986-ന് മുൻപ് ടെണ്ടർ വിളിക്കാതെ ങ്ങനെ കൊടുത്തിരുന്നു. അതിനുശേഷം 12-8-1986-ൽ എക്സൈസ് കുപ്പുമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ടെണ്ടർ വിളിച്ച് കൊടുക്കണ മെന്ന് നിർദ്ദേശിച്ചിരുന്നു. അതിനുശേഷം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ അഞ്ചുലക്ഷം ലിറ്റർ സ്പിരിറ്റ് ടെണ്ടർ വിളിക്കാതെ ഇറക്കുമതി ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. തൽസംബന്ധമായി അന്വേഷണം ടത്താൻ വ്യവസായവകുപ്പു കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2-8-1986-ൽ സിദ്ധാർത്ഥ എൻറർപ്രൈസസിനാണ് കൊടുത്തത് എന്നാണ് വിടെ തന്ന വിവരം.

ശ്രീ. എ. വി. താമരാക്ഷൻ: ഏത് ഏജൻസിക്ക് കൊടുത്തു, പാർട്ണർമാർ രെല്ലാമാണ് ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. വിജയദാസ് : ടെണ്ടർ വിളിക്കാതെ നെഗോഷ്യേറ് ചെയ്തു കൊടുത്ത കമ്പനി ഏതാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശിവദാസൻ : കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ.

ശ്രീ. പി. വിജയദാസ് : കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് ഉത്തരമായി ന്ത്രി സ്പിരിറ്റിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ ഇൻഡസ്ട്രീസ് സക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് സൂചിപ്പിച്ചു. ആ സക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ഗവൺമെന്റിനും ഷുഗർ ഫാക്ടറികൾക്കും നഷ്ടമുണ്ടായിട്ടുണ്ട്, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : അദ്ദേഹം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്

ശ്രീ. കെ. ശങ്കരനാരായണപിള്ള : 12-8-1986-ലെ കോൺഫറൻസിൽ മലിൽ ടെണ്ടർ വിളിച്ച് മാത്രമേ സ്പിരിറ്റ് കൊണ്ടുവരാവൂ എന്ന് തീരുമാനിച്ചു എന്നു പറഞ്ഞു. അതിനുശേഷവും പൊതുമേഖലാസ്ഥാപന മായ ചിറ്റൂർ ഷുഗർമില്ലിൽ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖേന

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് കൊണ്ടുവന്നിട്ടുണ്ട് എന്ന് ഈ സഭയിൽ തന്നെ സമ്മതിച്ചിരുന്നു, അതിനെക്കുറിച്ച് അന്വേഷിക്കാമെന്നും പറഞ്ഞിരുന്നു. അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ? അതിന്റെ നിഗമനം എന്താണ്?

ശ്രീ. കെ. ശിവദാസൻ : ഈ വിവരം ലഭിച്ചയുടനെ ഇൻഡസ്ട്രീസ് കമ്മീഷണറെ ഇത് അന്വേഷിക്കാൻ നിയോഗിച്ചു. അദ്ദേഹം ഇപ്പോഴ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ.കെ. ശങ്കരനാരായണപിള്ള : എല്ലായിടത്തും 45,50,70 പൈസയും ഉണ്ടായിരുന്നത് പെട്ടെന്ന് 5.75 രൂപയ്ക്ക് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് കൊടുക്കാൻ ഒരു കമ്പനി തീരുമാനിച്ചു. അതിന്റെ ട്രാൻസ്പോർട്ടിംഗ് പാർട്ട്നേഴ്സ് ആരാണെന്ന് അറിയുകയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അതറിയാവുന്ന വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഇല്ലാത്ത സാഹചര്യത്തിൽ ഇതറിയാവുന്ന മുഖ്യമന്ത്രിയെങ്കിലും ഈ സഭയെ വിവരം അറിയിക്കാൻ യേവുണ്ടാകണം.

(ഉത്തരം പറഞ്ഞില്ല).

ശ്രീ.കെ. കൃഷ്ണൻകുട്ടി : 1984 ഡിസമ്പർ മുതലാണ് സ്വകാര്യ വ്യക്തികളെ സ്പിരിറ്റ്. എൽപ്പിച്ചത്. ഈ മൂന്ന് ഫാക്ടറികളും ഒരേ കമ്പനിക്കാരാണോ അതോ അതിന്റെ വിവിധപേരിലുള്ള സ്വകാര്യ കമ്പനിക്കാരാണോ? 1984-ൽ 40 പൈസയുണ്ടായിരുന്നത് 5.65 രൂപയ്ക്കാണ് കൊടുത്തതെന്ന് പറഞ്ഞു. ഈ മൂന്നു കമ്പനിയിലും അന്ന് ട്രാൻസ്പോർട്ടിംഗ് നടത്തിയത് ഏത് കമ്പനിയാണ്?

ശ്രീ. കെ. ശിവദാസൻ : ട്രാൻസ്പോർട്ടിംഗ് നടത്തിയ കമ്പനിയുടെ ടീർഘമായ ലിസ്റ്റ് ഞാൻ വായിച്ചു.

ശ്രീ.കെ. കൃഷ്ണൻകുട്ടി : 1984 ഡിസംബർ മുതലാണ് ട്രാൻസ പോർട്ടിംഗ് ആൻഡ് ഹാൻഡ്ലിംഗ് ചാർജ് എന്ന പേരിട്ട് കൊടുത്തത്. അതിനുശേഷം ഏത് ഏജൻസിക്കാണ് കൊടുത്തത്?

ശ്രീ. കെ. ശിവദാസൻ : ഏജൻസിയുടെ ലിസ്റ്റിൽ നിന്ന് പറയുകയല്ലാതെ ഓരോരുത്തരുടേയും പേര് പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അന്ന് പല ഏജൻസികൾക്കും കൊടുത്തിട്ടുണ്ട്. 1984 ഡിസംബറിനുശേഷം ഈ മൂന്നു ഫാക്ടറികൾക്കും ഒരേ ഏജൻസിയാണ് കൊടുത്തത്. 1986 വരെ ഒരു കൊല്ലം ഒറ്റയാളിനേ കൊടുത്തിട്ടുള്ളു. അതാരാണ്?

ശ്രീ. കെ. ശിവദാസൻ : ബോംബെ ട്രേഡിംഗ് കോർപ്പറേഷൻ, വെസ്റ്റ് കോസ്റ്റ് എൻറർപ്രൈസസ്, ബോംബെ ഇവർക്കൊക്കെ കൊടുത്തതായി കാണുന്നുണ്ട്.

ശ്രീ.കെ. കൃഷ്ണൻകുട്ടി : 1984 ഡിസംബറിനുശേഷം ഏതെല്ലാം ഏജൻസിക്കാണ് മൂന്നു ഫാക്ടറികളും കൊടുത്തത്. 12-8-1986 വരെ ഏത് ഏജൻസിക്കാണ് ഹാൻഡ്ലിംഗ് ചാർജ് ഏർപ്പെടുത്തിക്കൊണ്ട് കൊടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : 1984-ന്റെ പ്രസക്തി അറിയില്ല. 1985-86-ൽ കമ്മീഷനെടുത്തതായാണ് റേറ്റ് നഷ്ടമാണെന്നു പറഞ്ഞ് ട്രാൻസ്പോർട്ടിംഗ് നിറുത്തിവച്ചു. 1985-86-ൽ യു. പി. 70 പൈസയ്ക്ക് കൊടുത്തു. 1985-86-ൽ വിവിധ കമ്പനികളും കൊടുത്തിട്ടുണ്ട്. മിക്കവാറും എല്ലാവർക്കും കൊടുത്തതായിട്ടാണ് കാണുന്നത്. ഹെവി ട്രാൻസ്പോർട്ടുണ്ട്, ജെ. ബി. ട്രാൻസ്പോർട്ട് ഉണ്ട്, ഇങ്ങനെ പലതും കാണുന്നുണ്ട്. ഇന്നയിന്ന കമ്പനിക്കാണ് കൊടുത്തത് എന്ന് പറയാൻ പാറുകയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : 12-8-1986-ൽ മന്ത്രി ഇങ്ങനെ ഒരു കോൺഫറൻസ് വിളിക്കാൻ സാഹചര്യം എന്താണ്, ആരുടെയെങ്കിലും പാർട്ടിയുടെ അടിസ്ഥാനത്തിലാണോ അതോ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ നോട്ടിന്റെ അടിസ്ഥാനത്തിലാണോ ?

ശ്രീ.കെ. ശിവദാസൻ : ഞാൻ ആദ്യമായി ചാർജ് എടുത്തപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ വിവിധ പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും നോക്കുകയും ചെയ്തു. അപ്പോൾ ഇവിടുത്തെ ചാരായം ഇറക്കുമതി ചെയ്യുന്നത് കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളാണ് എന്ന് മനസ്സിലായി. ഏത് സിസ്റ്റമനുസരിച്ചാണ് എന്ന് സ്വാഭാവികമായും അന്വേഷിച്ചപ്പോൾ നെഗോഷ്യേറ്റ് ചെയ്ത് കൊടുക്കുന്നതായി മനസ്സിലായി. അത് ശരിയല്ല എന്ന് എനിക്ക് തോന്നി. ഉടൻതന്നെ ടാക്സസ് സെക്രട്ടറിയേറ്റ് കോൺഫറൻസ് വിളിച്ചുകൂട്ടാൻ പറഞ്ഞു. എക്സൈസ് കമ്മീഷണർ ഇതിൽ പങ്കെടുക്കണമെന്നും പറഞ്ഞു. എക്സൈസ് കമ്മീഷണറുടേയും ടാക്സസ് സെക്രട്ടറിയുടേയും സാന്നിദ്ധ്യത്തിലാണ് ഇങ്ങനെയുള്ള ഒരു ഡയറക്ഷൻ കൊടുത്തത്.

ശ്രീ. ബേബിജോൺ : 12-8-1986-ൽ കോൺഫറൻസ് നടത്തിയെന്ന് പറഞ്ഞു. അന്നാണ് പൊതുതീരുമാനം എടുത്തത് ടെണ്ടർ വിളിച്ചുവേണം കൊടുക്കാൻ എന്ന്, നെഗോഷ്യേറ്റ് ചെയ്തു കൊടുക്കുന്നത് ശരിയല്ല എന്ന് തീരുമാനം എടുത്തു എന്നും പറഞ്ഞു. അതിനുശേഷവും ചിലർക്കു കൊടുത്തതായി അറിയുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതിനുശേഷം മന്ത്രി തന്നെ വിളിച്ചുകൂട്ടിയ ഓഫീസേഴ്സ് കോൺഫറൻസിൽ ചിലർക്ക് അങ്ങനെ കൊടുക്കാമെന്ന് തീരുമാനമെടുത്തതായി അറിഞ്ഞു. എന്താണ് സ്ഥിതി ?

ശ്രീ. കെ. ശിവദാസൻ : ഡയറക്ഷൻ വയലേറ്റ് ചെയ്തപ്പോൾ ഞാൻ വീണ്ടും കോൺഫറൻസ് വിളിച്ചുകൂട്ടി. ഇത് ശരിയല്ല എന്ന് അവരോടു പറഞ്ഞു. ഞാൻ അതിനെപ്പറ്റി ഓർഡർ എഴുതിയിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റാണ് ചാരായത്തിന് വില വയ്ക്കുന്നത്, ഞങ്ങളുടെ നിർദ്ദേശമനുസരിച്ച് നിങ്ങൾ തുടരുന്നില്ലെങ്കിൽ മേൽനടപടികൾ എടുക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുകയുണ്ടായി.

ശ്രീ.സി.കെ.തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം, ക്രമരഹിതമായി, നിയമവിരുദ്ധമായി കേരളത്തിലേക്ക് കടത്തിക്കൊണ്ടുവന്ന സ്പിരിറ്റ് എത്ര പ്രാവശ്യം എവിടെ വച്ച് പിടിച്ചിട്ടുണ്ട്, ആരുടെയെല്ലാം പേരിൽ കേസ് എടുത്തിട്ടുണ്ട്, എത്ര കേസുകൾ നിലവിലുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : അത് ഈ ചോദ്യത്തിന് മറുപടിയായി വരുന്ന തല്ല. എൻഫോഴ്സ്മെൻറ് വളരെ ശക്തമായിട്ടുണ്ട്. അടുത്ത ഒരാഴ്ച ക്കുള്ളിൽ കൊല്ലത്ത് ആര്യങ്കാവിൽ വച്ച് പത്ത് പതിനയ്യായിരം ലക്ഷം ലിറ്റർ സ്പിരിറ്റ് വൻപിച്ച റേഡ് നടത്തി പിടിച്ചിട്ടുണ്ട്. പല സ്ഥലത്തും അങ്ങനെ പിടിക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ : 12-8-1986-ൽ എക്സൈസ് വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിലെ തീരുമാനങ്ങൾ ലംഘിച്ച് ഒരു പ്രത്യേക ഫാക്ടറി ടെണ്ടർ വിളിക്കാതെ ചാരായം ഇറക്കുമതി ചെയ്യാൻ ശ്രമിച്ചുവെന്ന് മന്ത്രി പറയുകയുണ്ടായി. അങ്ങനെ ധൈര്യം കാണിച്ച മാനേജ്മെൻറിനെ അവിടെ തന്നെ നിറുത്തി ഇപ്പോഴും ആ സ്ഥാപനത്തിൻെറ തലവനായി തുടരാൻ സാധിക്കുന്നത് എന്തുകൊണ്ടാണ്, എന്തു കൊണ്ട് അവരുടെ പേരിൽ നടപടി എടുത്തില്ല?

ശ്രീ. കെ. ശിവദാസൻ : ഇങ്ങനെ ഉണ്ടായപ്പോഴും സാധാരണ നിയമപ്രകാരം ചെയ്യുന്നതുപോലെ, അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി എന്നീ പദ്ധതികളെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻെറ വിലയിരുത്തൽ

* 353. [379] ശ്രീ. എ. സി. ജോസ് :
,, കെ. മുഹമ്മദാലി :
,, കെ. രാഘവൻ മാസ്റ്റർ :
,, കെ. കെ. ശ്രീനിവാസൻ :
,, സീദ്ധാർത്ഥൻ കാട്ടുങ്ങൽ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി.പി, എന്നീ പദ്ധതികളുടെ സംസ്ഥാനത്തെ പ്രവർത്തനങ്ങളെപ്പറ്റി പ്ലാനിംഗ് കമ്മീഷൻെറ ഇവാലുവേഷൻ വിഭാഗത്തിൻെറ വിലയിരുത്തൽ എന്താണെന്ന് പറയുമോ ;

(ബി) ഇതുകൂടാതെ മറെറങ്കിലും സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതികളുടെ സംസ്ഥാനത്തെ പ്രവർത്തനത്തെപ്പറ്റിയുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ ;

(ഡി) അവരുടെ നിഗമനങ്ങൾ എന്തെല്ലാം ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്ലാനിംഗ് കമ്മീഷൻെറ ഇവാലുവേഷൻ വിഭാഗം ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി മാത്രമേ വിലയിരുത്തൽ നടത്തിയിട്ടുള്ളു. അതു തന്നെ, 1983-84-ൽ 16 സാമ്പിൾ സ്ഥാനങ്ങളിൽ 33 ജില്ലകളിലും 66 ബ്ലോക്കുകളിലുമായിരുന്നു. അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തൽ

LIBRARY ARCHIVES Kerala Legislative Assembly